# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 223** — **03/02/2020-ൽ മറുപടിയ്ക്ക്**

## കൊറോണ വൈറസ്

**ചോദ്യം**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

എ) ചൈനയിലും സൗദി അറേബ്യയിലും കൊറോണ വൈറസ് ബാധ പടർന്നു പിടിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് എന്തെങ്കിലും മുൻ കരുതൽ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ഉണ്ട്.

- കൊറോണ വൈറസ് ബാധ ചൈനയിലും മറ്റും റിപ്പോർട്ട് ചെയ്ത വിവരം അറിഞ്ഞ ഉടൻ ജനുവരി 18, 20, 22 തീയതികളിലായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, ലോകാരോഗ്യ സംഘടന തുടങ്ങിയവയിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ ചികിത്സയ്ക്കും, ലബോറട്ടറി പരിശോധനയ്ക്കും മറ്റുമുള്ള മാർഗ്ഗരേഖകൾ, റിപ്പോർട്ടിംഗ് ഫോർമാറ്റുകൾ തുടങ്ങിയവ സംസ്ഥാന ആരോഗ്യവകുപ്പ് ബന്ധപ്പെട്ട സംസ്ഥാനതല ഉദ്യോഗസ്ഥർക്കും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകൾക്കും അയച്ചു നൽകിയിരുന്നു.
- ബഹു. ആരോഗ്യവകുപ്പ് മന്ത്രി ഉന്നതതല യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മാധ്യമയോഗം വിളിച്ചുകൂട്ടി പൊതുജനങ്ങൾക്കായി വിശദീകരിക്കുകയും ചെയ്തു.
- 24.01.2020 ന് സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേരുകയും സംസ്ഥാനതല കൺട്രോൾ റൂം ആരംഭിക്കുകയുമുണ്ടായി. കൊറോണ വൈറസ് രോഗനിരീക്ഷണം, ചികിത്സ, മുൻകരുതലുകൾ, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി

ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ലഭ്യമാക്കി മാർഗ്ഗനിർദ്ദേശങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ചൈന തുടങ്ങിയ രോഗബാധിത പ്രദേശങ്ങളിൽ നിന്നും വരുന്നവരുടെ വിവര ശേഖരണവും രോഗനിരീക്ഷണവും കാര്യക്ഷമമാക്കുകയും രോഗാവസ്ഥ പരിഗണിച്ച് വീടുകളിൽതന്നെ വേർതിരിച്ച് പാർപ്പിച്ച് നിരീക്ഷിക്കുകയോ ആശുപത്രികളിൽ പ്രവേശിപ്പിച്ച് നിരീക്ഷിക്കുകയോ ചെയ്യുവരുന്നുണ്ട്. ഡിസംബർ/ ജനുവരി മാസങ്ങളിൽ ചൈനയിൽ നിന്നുവന്ന യാത്രക്കാരെയും അവരുമായി സമ്പർക്കം ഉണ്ടായവരെയും ഐഡിഎസ്പി സംവിധാനത്തിലൂടെ നിരീക്ഷിച്ചു വരികയാണ്.

- എല്ലാ മെഡിക്കൽ കോളേജുകളിലും പ്രധാന ജില്ലാ/ജനറൽ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും രോഗം സംശയിക്കുന്നവരെ മറ്റുള്ളവരിൽ നിന്നും മാറ്റി പാർപ്പിക്കുവാൻ വേണ്ടി വെന്റിലേറ്റർ, ഐ.സി.യു സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ജനുവരി 25-ന് പ്രിൻസിപ്പൽ സെക്രട്ടറി(ആരോഗ്യം) ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് നടത്തി. ജില്ലകളിലേയ്ക്ക് ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ഉറപ്പു വരുത്തി.
- രോഗം സംശയിക്കുന്നവരുടെ സാംപിളുകൾ രോഗസ്ഥിരീകരണത്തിനായി വ്യോമ

മാർഗ്ഗത്തിൽ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിൽ അയച്ചു വരുന്നു.

- ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും പത്ര/ദൃശ്യ/ശ്രവ്യ/ സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു.
- കേന്ദ്ര വിദഗ്ധ ടീം കൊച്ചി വിമാനത്താവളവും തുടർന്ന് തിരുവനന്തപുരം വിമാനത്താവളവും ആശുപത്രികളും സന്ദർശിച്ച് തയ്യാറെടുപ്പുകളിൽ സംതൃപ്തി രേഖപ്പെടുത്തി.
- എല്ലാ ജില്ലകളിലും കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.
- കൂടുതൽ പേർ ചൈനയിൽ നിന്നും മറ്റും തിരിച്ചെത്താൻ സാധ്യത ഉള്ളതിനാൽ അവരെ നിരീക്ഷിക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- രോഗ ലക്ഷണങ്ങളോടു കൂടി ആശുപത്രിയിൽ വരുന്നവർക്കായി എല്ലാ സജ്ജീകരണങ്ങളും മരുന്നു ലഭ്യതയും ഉറപ്പു വരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**